ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ സാക്ഷരതാ പ്രവർത്തനത്തിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിനു വേണ്ടി വകുപ്പിൽ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ:

(സി) സാക്ഷരതാ പ്രവർത്തനത്തിന് വകുപ്പിൽ പ്രത്യേകപ്രോജക്ട് ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവരുടെ സേവനം സാക്ഷരതാപ്രവർത്തനത്തിനു വേണ്ടി ഉപയോഗിച്ചിട്ടുണ്ടോ;

(ഇ) ഗ്രാമവികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാക്ഷരതാ പ്രോജക്ട് ഓഫീസർമാരെ ജില്ലാപഞ്ചായത്ത് സാക്ഷരതാ പ്രവർത്തനത്തിനു വേണ്ടി നിയോഗിക്കാൻ കഴിയുമോ എന്ന് വിശദമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ :

(എ)&(ബി) ഗ്രാമവികസനവകുപ്പിന് കീഴിൽ ഉണ്ടായിരുന്ന കേന്ദ്രാവിഷ്കൃത പ്രവൃത്യുന്മുഖ സാക്ഷരതാ പദ്ധതി 1.1.1996 മുതൽ നിറുത്തലാക്കിയിരിക്കുകയാണ്. എന്നാൽ 11 ജില്ലകളിൽ എ.ഡി.സി (എഫ്.എൽ.പി) യുടെ നേതൃത്വത്തിൽ 6 പേരടങ്ങുന്ന ഉദ്യോഗസ്ഥരുണ്ട്.

(സി)&(ഡി) ഫങ്ഷണൽ ലിറ്ററസി പ്രോഗ്രാമിന്റെ കീഴിൽ തുടർ വിദ്യാഭ്യാസ പദ്ധതി പ്രകാരം നേരത്തെ 11 ജില്ലകളിലായി 11 പ്രത്യേക പ്രോജക്ട് ഓഫീസർമാരേയും സഹായത്തിനായി ഇതര സ്പോർട്ടിംഗ് ഓഫീസർമാരേയും നിയമിച്ചിരുന്നു. സംസ്ഥാനത്ത് നടപ്പാക്കുന്ന സാക്ഷരതാ പ്രവർത്തനത്തിൽ ഇവരുടെ സേവനവും വിനിയോഗിക്കുന്നുണ്ട്.

(ഇ) സാക്ഷരതാപ്രവർത്തനം ഇപ്പോൾ വിദ്യാഭ്യാസവകുപ്പിന്റെ മേൽനോട്ടത്തിലാണ് നടത്തിവരുന്നത്. അതിനാൽ ഗ്രാമവികസനവകുപ്പിന്റെ കീഴിലുള്ള സാക്ഷരതാ പ്രോജക്ട് ഓഫീസർമാരെ (എഫ്.എൽ.പി.ഒ) ജില്ലാ പഞ്ചായത്ത് സാക്ഷരതാ പ്രവർത്തനത്തിന് നിയോഗിക്കാൻ കഴിയുമോ എന്ന കാര്യം തദ്ദേശഭരണവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

11 (*295) ശുദ്ധജലവിതരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പങ്ക്.

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഇപ്പോൾ അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന വരൾച്ചാക്കെടുതി കണക്കിലെടുത്തുകൊണ്ട് ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വരൾച്ചാക്കെടുതി കണക്കിലെടുത്തുകൊണ്ട് ശുദ്ധജലവിതരണ നടപടികൾ കാര്യക്ഷമമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) വരൾച്ചാക്കെടുതിയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഫണ്ട് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്ത് ഇപ്പോൾ അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന വരൾച്ചാക്കെടുതി കണക്കിലെടുത്തു കൊണ്ട് ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളെ സംബന്ധിച്ച് വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫണ്ടുപയോഗിച്ച് കുടിവെള്ള വിതരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

(സി) ഇക്കാര്യത്തിന് പ്രത്യേക ഫണ്ട് കൊടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ വികേന്ദ്രീകൃതാസൂത്രണത്തിൽ ലഭിച്ച ഫണ്ട് കുടിവെള്ള പദ്ധതികൾക്കു വേണ്ടി പഞ്ചായത്തുകൾ വിനിയോഗിക്കുന്നുണ്ട്.

12 (*296) ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട സി-ഡിറ്റ് പദ്ധതി

ശ്രീ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട എന്തെങ്കിലും പുതിയ പദ്ധതി സി-ഡിറ്റ് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിൽ സി-ഡിറ്റിന് എന്തെങ്കിലും പ്രത്യേക സ്ഥാനം നൽകുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) സി-ഡിറ്റ് ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് വ്യക്തമാക്കുമോ;

(എഫ്) ജനകീയാസൂത്രണ പദ്ധതിയിൽ സി-ഡിറ്റിനെ ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly